Reg. No.: ................................

Name : ...................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

M 899

**II Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W. Degree (CCSS – Reg./Supple./Improve.) Examination, April 2012**
**COMMON COURSE IN MALAYALAM (For B.A./B.Sc.)**
**2 A08 MAL : ഭാഷയും ആശയവിനിമയവും**

Time : 3 Hours                                                    Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**).                    **(4×1=4 വെയിറ്റേജ്)**

1) താഴെക്കൊടുത്തിരിക്കുന്ന വാക്കുകളുടെ അർഥം എഴുതുക.

എ) പൊതം

ബി) ബാല്യക്കാർ

സി) വെച്ചങ്ങൊയിച്ചോർ

ഡി) പോര്യേടത്ത്.

2) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) 'പൂതം' എന്നർഥമാക്കുന്നത് എങ്ങനെയുള്ളവരെ ?

ബി) 'പൂതപ്പാട്ട് ' ആരുടെ രചനയാണ് ?

സി) ചത്തോറെ കോലം എന്നാലെന്ത് ?

ഡി) പൊക്കുടന്റെ ശരിയായ പേരെന്ത് ?

3) ''ഈശ്വരാ മഹേഷ് ഇപ്പൊ വന്നില്ലായിരുന്നെങ്കിൽ ഞാൻ ശരിക്കും ചതിക്കപ്പെടുമായിരുന്നു ...''

എ) ആരുടെ വാക്കുകൾ ?

ബി) ആരാണ് ചതിക്കാൻ വന്നത് ?

സി) എന്താണ് ചതി ?

ഡി) ഏതു കൃതിയിൽ നിന്ന് ?

P.T.O.

4) ''ഞാൻ ഒരു സംഗതി കൂട്ടിപ്പാടി. മറുപടി പെട്ടെന്നായിരുന്നു 'സുഖിപ്പിക്കല്ലേ'.''

എ) 'ഞാൻ' ആരാണ് ?

ബി) എപ്പോഴാണിങ്ങനെ പറയുന്നത് ?

സി) ആരാണ് സുഖിപ്പിക്കല്ലേ എന്നു പറഞ്ഞത് ?

ഡി) ഈ കൃതി എഴുതിയതാര് ?

5) ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

എ) പഞ്ചവടിയിലെ വടക്ക് വരുന്ന വൃക്ഷം ?

ബി) പഞ്ചവടിയുടെ കിഴക്ക് വരുന്ന വൃക്ഷം ?

സി) 'അസതോ മാ സദ് ഗമയ' എന്നത് ഏതുപനിഷത്തിലേതാണ് ?

ഡി) തീരെ മോശപ്പെട്ട മണ്ണിന്റെ നിറമെന്തായിരിക്കും ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **1**). **(4×1=4 വെയിറ്റേജ്)**

6) ''മനുഷ്യനെ വരുതിയിൽ നിറുത്തിയ ഒരു കാലത്തെ മനുഷ്യൻ വരുതിയിലാക്കിയ കഥ'' – വിശദീകരിക്കുക.

7) 'ഒത്ത പെണ്ണില്ല' എന്ന പാട്ടിന്റെ പ്രമേയമെന്ത് ?

8) ''ഇത് നിസ്സംശയമായും പരമ്പരാഗതമായ ജാത്യധിഷ്ഠിത ഹിന്ദു സമൂഹത്തിന്റെ വളർച്ചയിൽ വലിയൊരു മുന്നേറ്റമാണ് ''. വിശദീകരിക്കുക.

9) 'തുടർച്ചയും വ്യതിയാനവും' എന്നതു കൊണ്ട് എന്താണ് ലേഖകൻ ഉദ്ദേശിക്കുന്നത് ?

10) 'പറകൊട്ടിപ്പാട്ട് കല്യാണം' എന്നാലെന്ത് ?

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

11) ''എന്തു വന്നാലും കുഞ്ഞിനെ കൈവിടാത്ത സമൂഹത്തിന്റെ ആധാരമായി നിന്ന പല ചരിത്ര ഘട്ടങ്ങളിലെ അമ്മമാരെല്ലാമാണ് '' – വിവക്ഷിതമെന്ത് ?

12) ''ഇന്ത്യയെ രക്ഷിക്കുന്നത് കോട്ടകളല്ല ഇത്തരത്തിലുള്ള സന്യാസി മഠങ്ങളാകണം എന്ന് ആചാര്യൻ ഉദ്ദേശിച്ചിരിക്കാം'' ആചാര്യൻ ആരാണ് ? വിശദീകരിക്കുക.

13) 'അടുക്കള'യിലെ 'രജൂല' എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

14) 'മഴ' എന്ന തിരക്കഥയിലെ ആവിഷ്കാരഭംഗി വിലയിരുത്തുക.

15) പ്രകൃതി പഠനം പുരയിടത്തിൽ എങ്ങനെ നിർവ്വഹിക്കാനാകും ?

16) കേരളജനതയുടെ ഭാഷയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങളേവ ?

ARTS AND SCIENCE COLLEGE LIBRARY ...ADAVU

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണത്തിനു** ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

17) 'ഇന്ത്യ അതിന്റെ ജീവരക്തമാകുന്ന മഷികൊണ്ട് ഒരു തത്ത്വമെഴുതിയിട്ടുണ്ടെങ്കിൽ അതിതാണ് ' എന്ന അഴീക്കോടിന്റെ നിരീക്ഷണം വിശദീകരിക്കുക.

18) 'അടുക്കള' ഒരു സ്ത്രീവാദകൃതി എന്ന നിലയിൽ വിശകലനം ചെയ്യുക.

19) പൊക്കുടന്റെ കണ്ടലുമൊത്തുള്ള ജീവിതാനുഭവങ്ങൾ ദളിത് പ്രശ്നങ്ങളിലേക്ക് എത്രത്തോളം കടന്നു ചെല്ലുന്നുവെന്ന് വിലയിരുത്തുക.

20) പ്രകൃതിനിരീക്ഷണം രസകരമാക്കാൻ ജോൺസി ജേക്കബിന്റെ കൃതി നൽകുന്ന പ്രേരണയെന്ത് ?